(സി) ഈ കാലയളവിൽ നടന്ന അക്രമങ്ങളിൽ 12 വയസ്സിൽ താഴെയുള്ളവരുടേയും 12 വയസ്സു മുതൽ 18 വയസ്സുവരെ ഉള്ളവരുടേയും മേൽ നടന്ന അക്രമസംഭവങ്ങൾ എത്ര വീതമാണ്?

		ഉത്തരം
(എ)	തിരുവനന്തപുരം	2220
	കൊല്ലം	2363
	പത്തനംതിട്ട	707
	ആലപ്പുഴ	1117
	കോട്ടയം	1244
	ഇടുക്കി	1701
	എറണാകുളം	2281
	തൃശ്ശൂർ	2421
	പാലക്കാട്	2775
	മലപ്പുറം	2812
	കോഴിക്കോട്	3006
	വയനാട്	1245
	കണ്ണൂർ	2397
	കാസർഗോഡ്	1340
	ആകെ	27629

(ബി) 764 എണ്ണം.

(സി) 12 വയസ്സിൽ താഴെ 294 എണ്ണം.

12 വയസ്സു മുതൽ 18 വയസ്സുവരെ 1415 എണ്ണം.

സ്ത്രീധന പീഡനം

43 (1516)ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര സ്ത്രീധനപീഡന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ കാലയളവിൽ സ്ത്രീധനത്തിന്റെ പേരിൽ എത്ര കൊലപാതകങ്ങളും ആത്മഹത്യകളും ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 5894 സംഭവങ്ങൾ.

(ബി) 18 കൊലപാതകങ്ങളും 293 ആത്മഹത്യകളും ഉണ്ടായിട്ടുണ്ട്.

സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ

52 (1526)ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ പടഞ്ഞേരി, നല്ലേറ്റുള്ളി സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വനിതകൾക്കുനേരെ നടന്ന അതിക്രമങ്ങളെ കുറിച്ച് വനിതാ കമ്മിഷൻ അന്വേഷണം നടത്തിയിരുന്നോ;

(ബി) ഈ അന്വേഷണത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് ഈ റിപ്പോർട്ട് സമർപ്പിച്ചത്;

(ഡി) ഈ റിപ്പോർട്ടിനുമേൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി)-(ഇ) കമ്മിഷന്റെ ഒരു അഡ്ഹോക്ക് കമ്മിറ്റി സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ, കമ്മിഷന്റെ നിഗമനങ്ങളും ഏതാനും ശുപാർശകളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ ശുപാർശകൾ നിയമസഭയുടെ മുമ്പാകെ സമർപ്പിക്കാൻ നടപടികൾ എടുത്തുവരുന്നു.

ഭീകര പ്രവർത്തനം

53(1527)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഭീകരപ്രവർത്തനവും വിധ്വംസക പ്രവർത്തനവും നടന്നുവരുന്നുണ്ടോ?

(ബി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് ഏതെല്ലാം സംഘടനകളാണ് എന്നു പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളിൽ പ്രമുഖർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാമ്പത്തികവും മറ്റു വിധത്തിലുള്ളതുമായ സഹായം അവർക്കെവിടെ നിന്നാണ് ലഭിക്കുന്നത്?

ഉത്തരം

(എ) ഇല്ല

(ബി)-(ഡി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ

54(1529) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്; ഈ കാലയളവിൽ എത്ര കൊലപാതകശ്രമം നടത്തിയിട്ടുണ്ട്; കൊലപാതകങ്ങളുടേയും കൊലപാതകശ്രമങ്ങളുടേയും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly